**മോട്ടോർ വാഹന വകുപ്പ് കാര്യക്ഷമമാക്കുന്നതിന് വേണ്ടി ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് നടത്തിയ പഠന റിപ്പോർട്ട്**

110(1934)ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പ് കാര്യക്ഷമമാക്കുന്നതിനുവേണ്ടി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് നടത്തിയ പഠന റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പഠന റിപ്പോർട്ട് പ്രകാരം എന്തെല്ലാം മാറ്റങ്ങളാണ് വകുപ്പിലുണ്ടാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) അതിനുവേണ്ടി ഫണ്ട് നീക്കി വച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അടുത്ത ബഡ്ജറ്റിൽ പുതിയ സബ്സിഡികളുടെ രൂപീകരണത്തിനായി ഫണ്ട് നീക്കിവയ്ക്കാൻ വേണ്ട നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഇപ്പോൾ ഒരു പഠനം നടത്തിക്കൊണ്ടിരിക്കുന്നതേയുള്ളൂ.

(ബി)-(ഡി) ബാധകമല്ല.

**വാഹന നികുതികൾ ബാങ്കിൽ അടയ്ക്കുന്നതിനുള്ള സൗകര്യങ്ങൾ**

111 (1935)പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. സി.എൻ. ജയദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹന നികുതികൾ ബാങ്കിൽ അടയ്ക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുവാനുദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഈ സൗകര്യം എപ്പോൾ മുതൽ ഏർപ്പെടുത്തുമെന്നും അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി)വാഹന നികുതികൾ ബാങ്കു മുഖേന അടയ്ക്കുന്നതിനെ സംബന്ധിച്ച് നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

**മോട്ടോർ വാഹന വകുപ്പിലെ സാങ്കേതിക ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടി**

112 (1936)ശ്രീ. ആന്റണി രാജു :
ശ്രീ. മോൻസ് ജോസഫ് :
ഡോ. കെ.സി. ജോസഫ് :

LIBRARY ARCHIVES Kerala Legislative Assembly